# ഭരണഭാഷ-മാതൃഭാഷ

നം-WCD/A2/20769/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം.
തീയതി :21/05/2022
ഇ-മെയിൽ:- wcdpfms2021@gmail.com
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം:- വനിത ശിശു വികസന വകുപ്പ് -PFMS പോർട്ടൽ- -കീഴ്ഷ്കാര്യാലയ മേധാവികൾ -ഫണ്ട് വിതരണത്തിനായി പൂർണ്ണമായും സജ്ജമാക്കുന്നത് -സംബന്ധിച്ച്

സൂചന:- 1) വനിതാശിശു വികസനഡയറക്ടറുടെ 25/03/2022ലെ WCD/A2/21646 നമ്പർ ഉത്തരവ്

കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സും കേന്ദ്ര സർക്കാർ ധനകാര്യ വകുപ്പും ചേർന്ന് വികസിപ്പിച്ച Web based online software സംവിധാനമായ PFMSസംവിധാനം പരിചയപ്പെടുത്തുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം off line ആയും online ആയും രണ്ട് ട്രെയിനിംഗുകൾ വകുപ്പിലെ ജീവനക്കാർക്ക് pfms ഡയറക്ടറേറ്റ് മുഖേന നൽകിയിരുന്നു .

PFMS ഇംപ്ളിമെന്റേഷൻ നടപടികൾ വേഗത്തിലാക്കുന്നതിനും കുറ്റമറ്റതാക്കിമാറ്റുന്നതിനുമായി ജില്ലാതലത്തിൽ വനിതാശിശുവികസനആഫീസറെ നോഡൽ ആഫീസറായി നിശ്ചയിച്ചും 10 ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതല PFMS സെൽ രൂപികരിക്കുന്നതിനും സൂചന 1 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കീഴ്ഷ്കാര്യാലയങ്ങളിലെ ജീവനക്കാർക്ക് PFMSപോർട്ടൽ പരിചയപ്പെടുത്തുന്നതിനാവശ്യമായ പരിശീലനപരിപാടികൾ ജില്ലാതല സെല്ല് മുഖേന സംഘടിപ്പിക്കുന്നതിനും കീഴ്ഷ്കാര്യാലയമേധാവികളുടെ Login കൾ പരിശോധിച്ച് അവകുറ്റമറ്റതാക്കിമാറ്റി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യത്തക്കരീതിയിൽ പൂർണ്ണമായും സജ്ജമാക്കുന്നതിനുള്ള ചുമതല ജില്ലാതല PFMSസെല്ലിന് ആയിരിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

ഈ മാസം അവസാനത്തോടു കൂടി ജില്ലാ ആഫീസർമാർ മുഖേന കീഴ്ഷ്കാര്യലയങ്ങളിലേയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് PFMS പോർട്ടൽ മുഖാന്തിരം വിതരണം ചെയ്യേണ്ടിവരുമെന്ന് അറിയിക്കുന്നു. ഈ സാഹചര്യത്തിൽ ജില്ലാ വനിതാശിശുവികസന ആഫീസർമാർ തങ്ങളുടെ കീഴ്ഷ്കാര്യാലയങ്ങളിൽ PFMS പോർട്ടൽ മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിക്കൾ കൈകാര്യം ചെയ്യുന്നതിന് കീഴ്ഷ്കാര്യാലയങ്ങളിലെ ജീവനക്കാർ പ്രാപ്തരായിട്ടുണ്ടെന്ന് PFMS ജില്ലാ സെല്ല് മുഖേന പരിശോധിച്ച് വ്യക്തിപരമായി തന്നെ ഉറപ്പു വരുത്തേണ്ടതാണെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

കീഴ്ഷ്കാര്യാലയങ്ങൾക്ക് ഫണ്ട് അനുവദിച്ച ശേഷം ചെലവഴിക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ആയത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണ്.

വനിതാശിശുവികസന ഡയറക്ടർക്കു വേണ്ടി

1)എല്ലാ ജില്ലാ വനിതാശിശുവികസന ആഫീസർക്കും
2)എല്ലാ കീഴ്ഷ്കാര്യാല മേധാവികൾക്കും

പകർപ്പ്
സെക്ഷൻ/സ്റ്റോക്ക് ഫയൽ/സ്പെയർ